**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **03-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം താലൂക്കിലെ റേഷൻ ഡിപ്പോകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നിലവിൽ എത്ര റേഷൻ കടകൾ ഉണ്ടെന്നും അതിൽ എത്ര റേഷൻ കടകളോടൊപ്പം കെ - സ്റ്റോർ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ; | (എ) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ 396 ന്യായ വില കടകളാണുള്ളത്. അതിൽ 27 ന്യായ വില കടകളോടൊപ്പം കെ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ ചാത്തന്നൂർ, പരവൂർ ഫർക്കകളിൽ പുതുതായി റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ റേഷൻ കടകൾ തുടങ്ങുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്തെന്നും വ്യക്തമാക്കാമോ; | (ബി) | ലഭിച്ചിട്ടുണ്ട്. കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ പരവൂർ ഫർക്കയിൽ പൂതക്കുളം പഞ്ചായത്തിലും, ചാത്തന്നൂർ ഫർക്കയിലെ കല്ലുവാതുക്കൽ പഞ്ചായത്തിലും 3 -ാം വാർഡിൽ ഏഴിപ്പുറം എന്ന സ്ഥലത്തും പുതിയ റേഷൻ കട ആരംഭിക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ട്. ചാത്തന്നൂർ ഫർക്കയിലെ കല്ലുവാതുക്കൽ പഞ്ചായത്തിൽ പുതിയ പാലം എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ ടി പ്രദേശത്തിന് 2.5 കി.മീ. ചുറ്റളവിൽ 5 റേഷൻ കടകൾ നിലവിൽ ഉള്ളതിനാൽ പുതിയ കട തുടങ്ങിയാൽ ആയത് മറ്റ് കടകളുടെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ അനുവദിക്കാൻ കഴിയില്ല .<br><br>കൊല്ലം താലൂക്കിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ 13 -ാം വാർഡിൽ ഏഴിപ്പുറം എന്ന സ്ഥലത്ത് പുതിയ റേഷൻ കടയുടെ ആവശ്യമില്ല. പകരം പോർട്ടബിലിറ്റി സംവിധാനം ഉപയോഗപ്പെടുത്തുവാൻ തീരുമാനമായിട്ടുണ്ട് . |
| (സി) | കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ ചാത്തന്നൂർ, പരവൂർ ഫർക്കകളിലും കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളിയിലുമായി എസ്.സി/എസ്.ടി സംവരണ മാനദണ്ഡമനുസരിച്ച് എത്ര റേഷൻ കടകൾക്ക് നിലവിൽ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) | കൊല്ലം താലൂക്കിലെ ചാത്തന്നൂർ ഫർക്കയിൽ SC വിഭാഗത്തിൽ പെട്ട ലൈസൻസികൾ നടത്തുന്ന 5 ന്യായ വില കടകളും, പരവൂർ ഫർക്കയിൽ 2 ന്യായ വില കടകളും, കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി ഫർക്കയിൽ SC വിഭാഗത്തിൽ പെട്ട ലൈസൻസി നടത്തുന്ന ഒരു ന്യായവില കടയും ഉണ്ട്. |

സെക്ഷൻ ഓഫീസർ